**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 475** **24-03-2025 - ൽ മറുപടിയ്ക്ക്**

**ആരോഗ്യമേഖലയിൽ സംസ്ഥാനത്തിന് ലഭിച്ച പുരസ്കാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീമതി ദെലീമ,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള കേന്ദ്രസർക്കാരിന്റെ എന്തെല്ലാം പുരസ്കാരങ്ങൾ ഏതെല്ലാം വർഷങ്ങളിൽ കേരളത്തിന് ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; വിശദമാക്കുമോ; | (എ) | **ആരോഗ്യ മന്ഥൻ 2021- ആയുഷ്മാൻ ഉത്കൃഷ്ട പുരസ്കാരം 2021- ഏറ്റവും ഉയർന്ന ആശുപത്രിവാസ നിരക്കുള്ള മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സംസ്ഥാനം (വലിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ)**<br><br>**ആരോഗ്യ മന്ഥൻ 2022-ആയുഷ്മാൻ ഉത്കൃഷ്ട പുരസ്കാരം 2022-ഏറ്റവും മികച്ച സ്കീം (ABPM-JAY) വിനിയോഗിത്തിന് മികച്ച പ്രകടനം നടത്തുന്ന സംസ്ഥാനം (വലിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ)**<br><br>**ആരോഗ്യ മന്ഥൻ 2023 – ആയുഷ്മാൻ ഉത്കൃഷ്ടത അവാർഡ് 2023**<br><br>**ABPM-JAY ക്ക് കീഴിൽ 1000 ഗുണഭോക്താക്കൾക്ക് ഏറ്റവും കൂടുതൽ കിടക്കകൾ എംപാനൽ ചെയ്ത സംസ്ഥാനത്തിനുള്ള അവാർഡ്**<br><br>**ABPM-JAY KASP (വലിയ സംസ്ഥാനങ്ങളുടെ പട്ടികയിൽ) ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള അവാർഡ്.**<br><br>**AB PM-JAY KASP ന് പദ്ധതിയിൽ കുറഞ്ഞത് ഒരു ആയുഷ്മാൻ കാർഡ് എങ്കിലുമുള്ള 90% കുടുംബങ്ങൾക്ക് മുകളിലുള്ള സംസ്ഥാനം**<br><br>**AB PM-JAY KASP പ്രകാരം അനുവദിച്ച തുക പൂർണ്ണമായും വിനിയോഗം നടത്തിയ സംസ്ഥാനത്തിനുള്ള അവാർഡ്.** |
| (ബി) | രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ ആശുപത്രിയായി കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയെ തെരഞ്ഞെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ ആശുപത്രിയായി കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയെ തെരഞ്ഞെടുത്തിട്ടുണ്ട്. ഒരു വർഷം (2020-21) കാലയളവിൽ ഒരു ലക്ഷം രോഗികളിൽ കൂടുതൽ സൗജന്യ ചികിത്സ |

| | | | |
|---|---|---|---|
| | | | നൽകിയതിനാണ് കോട്ടയം സർക്കാർ മെഡിക്കൽ കോളേജിന് അവാർഡ് ലഭിച്ചത്. AB PMJAY പദ്ധതിയുടെ 3-ാം വാർഷികത്തിനോടനുബന്ധിച്ച് സംഘടിപ്പിച്ച ആരോഗ്യ മന്ഥൻ 3.0 ലാണ് പുരസ്കാരങ്ങൾ നൽകിയത്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലെയും പദ്ധതിയിൽ ഉൾപ്പെടാത്ത 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള അർഹരായ എല്ലാവരേയും KBF പദ്ധതിയിൽ ഉൾപ്പെടുത്തിയും പരമാവധി ഗുണഭോക്താക്കൾക്ക് സൗജന്യ ചികിത്സ നൽകിയതിനുമാണ് മെഡിക്കൽ കോളേജ് പുരസ്കാരത്തിനു അർഹത നേടിയത്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി പൂർണ്ണമായും 5 ലക്ഷം രൂപ ചെലവഴിച്ച് നടത്തിയ ഹൃദയ മാറ്റ ശസ്ത്രക്രിയകൾ ഉൾപ്പെടെ നിരവധി മികച്ച സേവനങ്ങൾ കോട്ടയം മെഡിക്കൽ കോളേജിൽ നടന്നിട്ടുണ്ട്. |
| (സി) | പ്രസ്തുത കാലയളവിൽ വനിത-ശിശുവികസന വകുപ്പിന് ദേശീയ-അന്തർദേശീയ തലത്തിൽ ലഭിച്ച അംഗീകാരങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ? | (സി) | ഈ സർക്കാരിന്റെ കാലയളവിൽ ഐ.സി.പി.എസ് കാവൽ പദ്ധതിയെ 2023 സെപ്റ്റംബർ 23, 24 തീയതികളിൽ ബഹു.സുപ്രീം കോടതി നടത്തിയ National Annual Stakeholders consultation on children in conflict with law, Prevention, restorative justice and diversion and alternatives in Detention എന്ന പരിപാടിയിൽ ബഹു.സുപ്രീംകോടതി അഭിനന്ദിക്കുകയും മറ്റ് സംസ്ഥാനങ്ങൾ കാവൽ മാതൃകയിൽ പദ്ധതികൾ നടപ്പിലാക്കണം എന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ